**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.സി. ബാലസുബ്രഹ്മണ്യന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2876/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 12.11.2018

================================================================================

പരാമർശം: 1. സ.ഉ.(സാധാ) നം.504/2018/തസ്വഭവ തീയതി 21.02.2018

2. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിക്കുന്ന പാലക്കാട് ധാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 02.11.2018-ലെ ഇ 1-395/2017 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറായിരുന്ന ശ്രീ.പി.സി.ബാലഗോപാൽ പാലക്കാട് ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചു വരവേ ശ്രീ. ബാലഗോപാലിന് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് 11.06.2018-ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്നും വിടുതൽ ചെയ്യുകയും തുടർന്ന് പാലക്കാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറായി നിയമിക്കപ്പെട്ട ശ്രീ. കെ.പി. വേലായുധന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ശ്രീ. കെ.പി. വേലായുധൻ അവധിയിൽ പ്രവേശിച്ചതിനാൽ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.സി. ബാലസുബ്രഹ്മണ്യന് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.സി. ബാലസുബ്രഹ്മണ്യൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട് ജില്ലാ പഞ്ചായത്ത്
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ